# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3316 — 18..02..2013-ൽ മറുപടിയ്ക്ക്

## അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും, ആസൂത്രണവും, സാംസ്കാരികവും, നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ഈ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; | (എ) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. ഈ തസ്തികയ്ക്കു വേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. |
| (ബി) പ്രസ്തുത വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തസ്തികകളിലായി എത്ര പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ; | (ബി) & (സി) വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് മാത്രമായി നടത്തുന്ന ഒരു പദ്ധതിയാണ് "വികസന വാർത്താ സംയോജന ശൃംഖല പദ്ധതി". ഇതിലേയ്ക്കായി ഓരോ ബ്ലോക്കിലും ഒരു ഇൻഫർമേഷൻ അസിസ്റ്റന്റിനെ കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. വാക്ക്-ഇൻ-ഇന്റർവ്യൂ നടന്ന കണ്ണൂർ, കോഴിക്കോട്, തൃശൂർ, എറണാകുളം, കോട്ടയം, കൊല്ലം തുടങ്ങി 6 ജില്ലകളിലായി 87 പേരെ ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ ഇതിനകം നിയമിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |
| (സി) ഇൻഫർമേഷൻ അസിസ്റ്റന്റ് എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; ബ്ലോക്കുകളിൽ ഈ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ഈ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾ ഇതിനകം സൃഷ്ടിച്ചു; എത്ര പേരെ നിയമിച്ചു; | |

(ഡി) സുതാര്യ കേരളം കോർഡിനേറ്റർ മാരായി ജില്ലകളിൽ പത്ര പ്രവർത്തനത്തിൽ ബിരുദം/ ഡിപ്ലോമ/പരിചയം ഉള്ളവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇവരുടെ നിയമന രീതി, ജോലിയുടെ സ്വഭാവം, ശമ്പളം എന്നിവ വിശദമാക്കുമോ ?

(ഡി) തീരുമാനിച്ചിട്ടുണ്ട്. ഒരു വർഷത്തേയ്ക്കുള്ള കരാർ നിയമനമാണ്. പ്രതിമാസം 8,000/- രൂപയാണ് ഇവർക്ക് നൽകുന്ന ശമ്പളം.

**സെക്ഷൻ ഓഫീസർ**